"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം- സമാശ്വാസ തൊഴിൽദാന പദ്ധതി - അനധികൃത അവധിയിൽ വിദേശത്തു ജോലി ചെയ്തു വരവേ മരണപ്പെട്ട, കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ (നിലവിൽ നഗരസഭ) ഒന്നാംതരം ഓവർസിയർ സാബ്ജാൻ കെ - യുടെ മകൻ ശ്രീ. ഷിറോസ് എസ്. എൽ-ന്റെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(കൈ) നം.52/2026/LSGD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. 23.01.1980 തീയതിയിലെ GO(Rt) No. 276/1980/LA&SWD നമ്പർ ഉത്തരവ്
2. 16.12.1985 തീയതിയിലെ GO(Rt) No. 3906/1985/LAD നമ്പർ ഉത്തരവ്
3. 24.05.1999-ലെ സ.ഉ(അച്ചടി) നം. 12/99/ഉഭപവ നം. സർക്കാർ ഉത്തരവ്.
4. ശ്രീ. ഷിറോസ് എസ്. എൽ, ആശ്രിത നിയമനത്തിനായി സമർപ്പിച്ച, 23.05.2002-ലെ അപേക്ഷ.
5. TA No. 203/2014-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17.10.2017-ലെ ഉത്തരവ്.
6. 20.10.2018-ലെ സ.ഉ (സാധാ) 2681/2018/തസ്വഭവ സർക്കാർ ഉത്തരവ്.
7. 19.01.2019-ൽ ശ്രീ. ഷിറോസ് എസ്. എൽ സമർപ്പിച്ച, ആശ്രിത നിയമനത്തിനായുള്ള പുതുക്കിയ അപേക്ഷ.
8. പഞ്ചായത്ത് ഡയറക്ടറുടെ, 30.07.2019-ലെ PAN/5232/19-E14(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് I ആയിരുന്ന സാബ്ജാൻ കെ-യ്ക്ക് 18.06.1980 മുതൽ 5 വർഷത്തേയ്ക്ക് വിദേശത്തു ജോലി നോക്കുന്നതിനായി പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചുത്തരവായിരുന്നു. തുടർന്ന്, 19.06.1985 മുതൽ 5 വർഷത്തേക്കു കൂടി പരാമർശം (2) പ്രകാരം പ്രസ്തുത ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ, നിർദ്ദിഷ്ട കാലയളവിനു ശേഷവും അനധികൃത അവധിയിൽ തുടർന്നുകൊണ്ട് വിദേശത്തു ജോലി ചെയ്തു വരവേ ടിയാൻ 09.11.2001-ൽ മരണപ്പെടുകയുണ്ടായി. തുടർന്ന്, ടിയാന്റെ മകൻ ശ്രീ. ഷിറോസ് എസ്. എൽ പരാമർശം (4) പ്രകാരം ആശ്രിത

നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരേതനായ സാബ്ലാൻ കെ, 1990 മുതൽ സർക്കാർ അനുമതിയില്ലാതെ അനധികൃത അവധിയിൽ തുടർന്നതിനാലും, അനുവദനീയമായ 20 വർഷ കാലയളവിലുള്ള അവധിയും അധികരിച്ച് അനധികൃതമായി തുടർന്നതിനാലും അക്കാരണങ്ങൾ സൂചിപ്പിച്ചുകൊണ്ട് പ്രസ്തുത ആശ്രിത നിയമന അപേക്ഷ 18.06.2004-ൽ സർക്കാർ നിരസിക്കുകയുണ്ടായി.

2) മേൽ തീരുമാനത്തിനെതിരെ, പരേതനായ സാബ്ലാൻ കെ-യുടെ ഭാര്യയായ ശ്രീമതി. ലൈല സാബ്ലാൻ, ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 3514/06 ഹർജി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് TA No. 203/2014 ആയി ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. സാബ്ലാൻ കെ-യ്ക്ക് എതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, സർവീസിലിരുന്നു മരണപ്പെടുന്ന വ്യക്തികളുടേതിനു സമാനമായി ടിയാളുടെ കേസ് കണക്കാക്കി, ആനുകൂല്യങ്ങൾക്കുള്ള അർഹത സർക്കാർ പരിശോധിക്കണം എന്ന് പരാമർശം (5) ഉത്തരവിലൂടെ ബഹു. ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിലേക്കായി, മരണപ്പെട്ട സാബ്ലാൻ കെ-യുടെ അനന്തരാവകാശികളിൽ നിന്ന് ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ സ്വീകരിക്കുന്നതിനു പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ച്, ബഹു. കോടതി ഉത്തരവ് പാലിച്ചുകൊണ്ട് പരാമർശം (6) പ്രകാരം സർക്കാർ ഉത്തരവായതിനെത്തുടർന്ന്, ശ്രീ. ഷിറോസ് എസ്. എൽ പരാമർശം (8) മുഖാന്തരം ആശ്രിത നിയമനത്തിനായുള്ള അപേക്ഷ വീണ്ടും സമർപ്പിക്കുകയുണ്ടായി.

3) പ്രസ്തുത അപേക്ഷ പരിശോധിക്കുന്നതിലേക്കായി, മരണപ്പെട്ട സാബ്ലാൻ കെ അവസാനമായി സേവനമനുഷ്ഠിച്ചിരുന്ന കൊട്ടാരക്കര പഞ്ചായത്ത് കാര്യാലയത്തിൽ നിന്ന് (നിലവിൽ മുനിസിപ്പാലിറ്റി) സർവീസ് ബുക്ക്, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ കണ്ടെത്താൻ എല്ലാ ശ്രമങ്ങളും നടത്തിയെങ്കിലും അവ കണ്ടെത്താനായില്ല. മേൽ സാഹചര്യത്തിൽ, പരേതനായ സാബ്ലാന്റെ സർവ്വീസ് ബുക്കിന്റെയും മറ്റു രേഖകളുടെയും അഭാവവും, ടിയാൾ അനധികൃതമായി വിദേശത്തു തുടർന്നതിനെതിരെ സമയബന്ധിതമായി അച്ചടക്ക നടപടി സ്വീകരിച്ച് അന്തിമമാക്കാതിരുന്ന സാഹചര്യവും, ശ്രീ. ഷിറോസ് എസ്. എൽ-നു സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിനുള്ള പ്രായപരിധിയിൽ ഇളവുകൾ നൽകുന്നതും, ശ്രീ. ഷിറോസ് എസ്. എൽ-ന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിക്കുന്നതും സംബന്ധിച്ച്, കേസിന്റെ പ്രത്യേക സാഹചര്യങ്ങൾ, അപേക്ഷ സമർപ്പിച്ച സമയം, കുടുംബത്തിന്റെ സാമ്പത്തികാവസ്ഥ, പരേതന്റെ സേവനചരിത്രം എന്നീ ഘടകങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ബഹു. സുപ്രീം കോടതിയുടെ നിരവധി വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ വളരെ വിശദമായി പരിശോധിയ്ക്കുകയുണ്ടായി.

4) ബഹു.സുപ്രീം കോടതിയുടെ Civil Appeal No. 255 of 2025 [arising out of SLP (Civil) No. 30532/2019]-കേസിലെ വിധിന്യായത്തിൽ, ആശ്രിതനിയമനത്തിന്റെ അടിസ്ഥാന ആശയം, കുടുംബത്തിലെ ഏക വരുമാനക്കാരനായ ജീവനക്കാരന്റെ അകാലവും അപ്രതീക്ഷിതവുമായ മരണം കുടുംബാംഗങ്ങളെ വളരെയധികം ദുരിതത്തിലാക്കുന്നു എന്നതായതിനാൽ, ഓരോ കേസിനും അതിന്റേതായ പ്രത്യേക സാഹചര്യങ്ങളും കുടുംബത്തിന്റെ സാമ്പത്തികസ്ഥിതിയും കണക്കിലെടുക്കേണ്ടതാണെന്നു ബഹു. കോടതി നിരീക്ഷിച്ചിട്ടുണ്ട്. പരേതന്റെ മരണത്തെത്തുടർന്നു കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചു ശരിയായും ന്യായയുക്തമായും വിലയിരുത്തി, പരേതന്റെ കുടുംബത്തിന്റെ സാമ്പത്തിക അടിത്തറ സംബന്ധിച്ച വിഷയം കൂടി പരിഗണിച്ചു

വേണം ആശ്രിത നിയമനം നൽകേണ്ടത്. പരേതന്റെ ആശ്രിതനു ജോലി നൽകുന്നത്, പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യത്തെ സാധൂകരിക്കുന്നതാണോ എന്നും തിട്ടപ്പെടുത്തേണ്ടതുണ്ട്. സർക്കാർ സേവനത്തിലിരിക്കുവേ മരണപ്പെടുന്ന വ്യക്തിയുടെ കുടുംബത്തിന് പെട്ടെന്നുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് കുടുംബത്തെ സഹായിക്കുക എന്നതാണ് ആശ്രിത നിയമനത്തിന്റെ അടിസ്ഥാനം (National Hydro Electric Power Vs.Nanak Chand &Another). CIVIL APPEAL NO.6348 OF 2013 (Arising out of SLP(C)No.13957/2010) ൽ ബഹു.സുപ്രീം കോടതി ചുവടെ പറയും പ്രകാരം നിരീക്ഷിച്ചിട്ടുണ്ട്.

"5. Every appointment to public office must be made by strictly adhering to the mandatory requirements of Articles 14 and 16 of the Constitution. An exception by providing employment on compassionate grounds has been carved out in order to remove the financial constraints on the bereaved family, which has lost its bread-earner. Mere death of a Government employee in harness does not entitle the family to claim compassionate employment."

ആശ്രിതനിയമനം എന്നത് സർക്കാർ സേവനത്തിൽ പ്രവേശിക്കുവാനുള്ള ഒരു അവകാശമല്ല എന്നും ആയത് നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമാണ് എന്നും CIVIL APPEAL No. 8540 OF 2024 -ൽ ചുവടെ ചേർത്തിരിക്കും പ്രകാരം ബഹു.കോടതി നിരീക്ഷിച്ചിട്ടുണ്ട്.

"It is an appointment which is given on proper and strict scrutiny of the various parameters as laid down with an intention to help a family out of a sudden pecuniary financial destitution to help it get out of the emerging urgent situation where the sole bread earner has expired, leaving them helpless and may be penniless."

ഒരു സർക്കാർ ജീവനക്കാരൻ സേവനത്തിലിരിക്കവേ മരണപ്പെട്ടു എന്നത് കൊണ്ട് മാത്രം ആശ്രിതനിയമനം ഒരു അവകാശം എന്ന നിലക്ക് ഉന്നയിക്കുവാൻ സാദ്ധ്യമല്ല എന്ന് Civil Appeal No. 6348/2013 arising out of SLP(C) No. 13957/10 കേസിലും, ആശ്രിത നിയമനം അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടായിരിക്കണം പരിഗണിക്കപ്പെടേണ്ടത്, കൂടാതെ മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിന്റെ സാമ്പത്തിക സാഹചര്യങ്ങൾ കൂടി പരിഗണിച്ചു കൊണ്ടാകണം ആശ്രിത നിയമനം സംബന്ധിച്ച് പരിശോധിക്കേണ്ടത് എന്ന് Punjab National Bank & Ors vs Ashwini Kumar Taneja (Appeal (civil) 5256 of 2004)-ൻ മേൽ 6 August, 2004 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ ചേർത്തിരിക്കും പ്രകാരവും ബഹു. സുപ്രീം കോടതി നിരീക്ഷിച്ചിട്ടുണ്ട്.

"It was noted in Umesh Kumar Nagpal v. State of Haryana and Other (1994 (4) S.C.C. 138) that as a rule in public service appointment should be made strictly on the basis of open invitation of applications and merit. The appointment on compassionate ground is not another source of recruitment but merely an exception to the aforesaid requirement taking into consideration the fact of the death of employee while in service leaving his family without any means of livelihood. In such cases the object is to enable the family to get over sudden financial crisis. But such

appointments on compassionate ground have to be made in accordance with the rules, regulations or administrative instructions taking into consideration the financial condition of the family of the deceased."

5) ജീവനക്കാരന്റെ ആകസ്മിക മരണത്തിലൂടെ കുടുംബത്തിനുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനാണ് കുടുംബത്തിലെ ഒരു ആശ്രിതന്/ ആശ്രിതയ്ക്ക് സർക്കാർ ജോലി നൽകുന്നത് എന്നിരിക്കേ, 21.5 വർഷം സർക്കാർ സേവനത്തിൽ നിന്നു വിട്ടു നിന്ന സാബ്ജാൻ കെ-യുടെ ആശ്രിതർക്ക് ഈ ആനുകൂല്യം ലഭിക്കേണ്ടതുണ്ടോ എന്നതു സർക്കാർ പരിശോധിക്കുകയുണ്ടായി. സേവനത്തിൽ പ്രവേശിച്ച്, ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ വിദേശത്തു ജോലിക്കായി സർക്കാർ അനുമതിയോടുകൂടി 5 വർഷം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും, അടുത്ത 5 വർഷത്തേക്കു കൂടി ആയതു ദീർഘിപ്പിക്കുകയും, തുടർന്നുള്ള 11.5 വർഷം അനധികൃതമായി സേവനത്തിൽ നിന്നു വിട്ടു നിൽക്കുകയും ചെയ്ത സാബ്ജാൻ കെ-യുടെ കുടുംബം, അക്കാലമത്രയും സർക്കാരിൽ നിന്നുള്ള ശമ്പളത്തെ ആശ്രയിച്ചിരുന്നില്ല എന്നതിനാൽ തന്നെ, കുടുംബത്തിന്റെ ഏക വരുമാന മാർഗ്ഗം പരേതനു സർക്കാർ ജോലിയിൽ നിന്നു ലഭിച്ചിരുന്ന വരുമാനമാണെന്നു സാധൂകരിക്കാനാവില്ല. കൂടാതെ, കുടുംബ പെൻഷൻ ഉൾപ്പെടെയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ജീവനക്കാരന്റെ മരണശേഷം ടിയാളുടെ ഭാര്യയ്ക്ക് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, പെട്ടെന്നുള്ള സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന അവസ്ഥ നിലവിലില്ലെന്നും സർക്കാർ വീക്ഷിക്കുന്നു. സർവോപരി, 11.5 വർഷത്തെ ദീർഘമായ കാലയളവിൽ അനധികൃത അവധിയിൽ തുടർന്ന സാബ്ജാനെതിരെ കൃത്യസമയത്ത് അച്ചടക്ക നടപടി കൈക്കൊണ്ട്, ടിയാളെ സേവനത്തിൽ നിന്നു നീക്കം ചെയ്തിരുന്നെങ്കിൽ, ടിയാളുടെ ആശ്രിതൻ ആശ്രിതനിയമനത്തിന് അർഹത നേടുമായിരുന്നില്ല എന്ന വസ്തുതയും സർക്കാർ കണക്കിലെടുക്കുകയുണ്ടായി.

6) പരേതനായ സാബ്ജാൻ അംഗീകൃത അവധിയിലായിരുന്ന കാലയളവ്, ടിയാൾ അനധികൃതമായി സേവനത്തിൽ നിന്നു വിട്ടു നിന്ന കാലയളവ്, ഒരു ജീവനോപാധി എന്ന നിലയ്ക്ക് സർക്കാർ സേവനം ടിയാൾക്ക് എത്രത്തോളം അനിവാര്യമായിരുന്നു, ടിയാളുടെ മരണശേഷം കുടുംബത്തിന് ഒരു അവകാശം എന്ന നിലയ്ക്കല്ലാതെ ആശ്രിതനിയമനം ആവശ്യമായിരുന്നോ തുടങ്ങിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം സൂക്ഷ്മപരിശോധന നടത്തുകയും, അനധികൃത അവധിയിൽ വിദേശത്തു ജോലി ചെയ്തു വരവേ മരണപ്പെട്ട, കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ (നിലവിൽ നഗരസഭ) ഒന്നാംതരം ഓവർസിയർ സാബ്ജാൻ കെ-യുടെ മകൻ ശ്രീ. ഷിറോസ് എസ്. എൽ-നു ആശ്രിതനിയമനം നൽകണമെന്ന അപേക്ഷ പരിഗണിക്കപ്പെടാൻ അർഹമല്ലെന്നു സർക്കാരിനു സംശയലേശമന്യേ ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആകയാൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (7) പ്രകാരം ശ്രീ. ഷിറോസ് എസ്. എൽ സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

ശ്രീ. ഷിറോസ് എസ്. എൽ, ഷാഹിനാലയം, മുസ്ലിം സ്ട്രീറ്റ്, കൊട്ടാരക്കര, കൊല്ലം- 691506
(തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ഓഡിറ്റ്) കേരള തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi T P
സെക്ഷൻ ഓഫീസർ
Date: 13-02-2026 13:51:01